## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4961** **01-11-2021 - ൽ മറുപടിയ്ക്ക്**

## ലീസ് ഭൂമിയിൽനിന്നും പാറ ഖനനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലീസ് ഭൂമിയിൽ പാറഖനനം ചെയ്യുന്നതിന് എക്സ്പ്ലോസീവ് ലൈസൻസ് നൽകുന്നത് ആരാണെന്ന് വ്യക്തമാക്കുമോ; ആയതിന് എന്തെല്ലാം രേഖകളാണ് ഹാജരാകേണ്ടത് വിശദമാക്കുമോ; | (എ) | പാറ ഖനനം ചെയ്യുന്നതിന് ആവശ്യമായ എക്സ്പ്ലോസീവ് ലൈസൻസ് അനുവദിക്കുന്നത് കേന്ദ്ര-വാണിജ്യ വ്യവസായ വകുപ്പിനു കീഴിൽ രൂപീകൃതമായിട്ടുള്ള പെട്രോളിയം ആൻഡ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ (PESO) ആണ്. സ്ഫോടക വസ്തുക്കളുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പ്രകാരം സമർപ്പിക്കേണ്ട രേഖകൾ ഏതെല്ലാമാണെന്ന് തീരുമാനിക്കുന്നതും, അവ പരിശോധിച്ച് ഉത്തരവാകുന്നതും ടി സ്ഥാപനമാണ്. റവന്യൂ വകുപ്പുമായി ആയതിന് നേരിട്ട് ബന്ധമില്ല. |
| (ബി) | പാർട്ണർഷിപ്പ് ഡീഡ് പ്രകാരമുള്ള ലീസ് ഭൂമിയിലെ ഖനനത്തിന് എക്സ്പ്ലോസീവ് ലൈസൻസ് നൽകുമ്പോൾ ഉടമസ്ഥാവകാശമുള്ള എല്ലാപേരുടെയും സമ്മതപത്രം ആവശ്യപ്പെടാറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ലൈസൻസിനായി സമർപ്പിക്കപ്പെടുന്ന രേഖകൾ പരിശോധിക്കുന്നതും തീരുമാനമെടുക്കുന്നതും PESO എന്ന മേൽ സൂചിപ്പിച്ച സ്ഥാപനമാണ്. |
| (സി) | റവന്യൂ ഉദ്യോഗസ്ഥർ എന്തൊക്കെ കാര്യങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷമാണ് എക്സ്പ്ലോസീവ് ലൈസൻസ് നൽകുന്നതെന്നും ലൈസൻസ് വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (സി) | റവന്യൂ വകുപ്പ് ഇതുമായി ബന്ധപ്പെട്ട ലൈസൻസ് അനുവദിക്കുന്നില്ല. എന്നാൽ ലൈസൻസിനായി സമർപ്പിക്കുന്നതിന് ആവശ്യമായതും എക്സ്പ്ലോസീവുകൾ സൂക്ഷിക്കുന്നതിനായുള്ള മാഗസിൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട NOC അനുവദിക്കുന്നത് ജില്ലാ കളക്ടർമാരാണ്. NOC-ക്കായുള്ള അപേക്ഷയിൽ തഹസീൽദാർ, പോലീസ്, ഫയർഫോഴ്സ് മുതലായ ടി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ശുപാർശ ലഭ്യമാക്കിയാണ് ജില്ലാ കളക്ടർമാർ ഉത്തരവാകുന്നത്. |
| (ഡി) | നെൽവയൽ തണ്ണീർത്തട നിയമലംഘനം നടത്തി നിർമ്മിച്ച റോഡിലൂടെയോ ഉടമയുടെ അനുവാദമില്ലാതെ സ്വകാര്യ റോഡിലൂടെയോ എക്സ്പ്ലോസീവ്സും ഖനനഉല്പന്നങ്ങളും | (ഡി) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, കേരള ഭൂസംരക്ഷണ നിയമം എന്നിവയുൾപ്പെടെ സംസ്ഥാനത്ത് നിലവിലുള്ള ഭൂനിയമങ്ങളുടെ ലംഘനം, ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നില്ല എന്ന് തഹസീൽദാർ മുഖേന ഉറപ്പ് |

| | | | |
|---|---|---|---|
| | കൊണ്ടുപോകുന്നതിന് അനുമതി നൽകാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | | വരുത്തി മാത്രമേ ജില്ലാ കളക്ടർമാർ, NOC അനുവദിക്കാറുള്ളൂ. |
| (ഇ) | തെറ്റായ രേഖകൾ ഹാജരാക്കിയും ഇല്ലാത്ത റോഡ് സ്കെച്ച് കാണിച്ചും ലൈസൻസ് ലഭ്യമാക്കി എന്ന് ബോധ്യപ്പെട്ടാൽ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ഏതെങ്കിലും തരത്തിൽ NOC / ലൈസൻസ് അനുവദിക്കുന്നതിന് ആസ്പദമായി അപേക്ഷകൻ സമർപ്പിച്ച വിവരങ്ങൾ വ്യാജമാണെന്ന് ജില്ലാ കളക്ടർ / PESO എന്നിവർക്ക് ബോധ്യപ്പെടുന്ന സാഹചര്യം ഉണ്ടായാൽ ആയവ തടഞ്ഞുവെക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും പുനപരിശോധിച്ച് ഉത്തരവാകുന്നതിനും ബന്ധപ്പെട്ടവർക്ക് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ